
# US PROFILES



## തോമസ് ടി. ഉമ്മൻ





# തോമസ് ടി. ഉമ്മൻ

## ആശ്ചര്യങ്ങൾ കാത്തുവച്ച് കാൻകൂൻ കൺവൻഷൻ

**മീട്ടു റഹ്മത്ത് കലാം**

നാല് പതിറ്റാണ്ടിലേറെയായി അമേരിക്കയിലെ സംഘടനാപ്രവർത്തനങ്ങളിൽ മികവുറ്റ സാന്നിധ്യമായ തോമസ് ടി.ഉമ്മൻ, കാൻകൂനിൽ നടക്കാനിരിക്കുന്ന ഫോമാ കൺവൻഷന്റെ ഒരുക്കങ്ങളുടെ തിരക്കിലാണ്. കോവിഡിനെത്തുടർന്ന് പതിവ് ചിട്ടവട്ടങ്ങൾ ഉടച്ചുവാർക്കാൻ നിർബന്ധിതരായ ഫോമാ പ്രസിഡന്റ് അനിയൻ ജോർജ്ജ്, ജനറൽ സെക്രട്ടറി ടി.ഉണ്ണികൃഷ്ണൻ എന്നിവർക്കൊപ്പം, ഫാമിലി കൺവൻഷന്റെ കാര്യത്തിലും അടിമുടി വ്യത്യസ്തത കൊണ്ടുവരാൻ യുവാക്കളെപ്പോലും അമ്പരപ്പിക്കുന്ന ചുറുചുറുക്കോടെ ഓടിനടക്കുന്ന തോമസ് ടി.ഉമ്മൻ, ട്രഷറർ എന്ന നിലയിൽ കൺവൻഷനെക്കുറിച്ചുള്ള വി



ശദാംശങ്ങളും മറ്റു വിശേഷങ്ങളും പങ്കുവയ്ക്കുന്നു ...

**അമേരിക്കയിലെത്തുന്നതിന് മുൻപുള്ള ജീവിതം?**

കേരളത്തിൽ വച്ച് വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായിരുന്നു. ഹെഡ് മാസ്റ്ററായിരുന്ന പിതാവിൽ നിന്നും, ബാലജനസഖ്യത്തിൽ നിന്നുമാണ് സംഘടനാപ്രവർത്തനങ്ങളുടെ ആദ്യാക്ഷരങ്ങൾ സ്വായത്തമായത്. അഖിലേന്ത്യാ ബാലജനസഖ്യത്തിന്റെ തിരുവല്ല യൂണിയൻ പ്രസിഡന്റായിരുന്ന കാലയളവിൽ ആർജ്ജിച്ച അറിവാണ് ഇന്നും എന്റെ ഊർജ്ജം. എഴുപതില്പരം ശാഖകളുള്ള യൂണിയനായിരുന്നു ഞങ്ങളുടേത്. വാടകയ്ക്ക് സൈക്കിളെടുത്ത് തിരുവല്ല താലൂക്കിലെ ഓരോ ശാഖയുടെ





യും ഓഫീസുകളിൽ നേരിട്ട് ചെന്ന് മീറ്റിങ്ങിന്റെ ഒരുക്കങ്ങൾ നടത്തിയിരുന്നതൊക്കെ ഇന്നും ഓർക്കുന്നു. താലൂക്ക് ആശുപത്രിയുടെ ശുചീകരണപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് യൂണിയന്റെ സെക്രട്ടറി ആയി പ്രവർത്തിക്കാനും ഭാഗ്യമുണ്ടായി. സ്വദേശമായ തിരുവല്ലയിലെ പ്രമുഖ സാമൂഹിക സേവന സംഘടനയായ സോഷ്യൽ സർവീസ് ലീഗിന്റെ ജനറൽ സെക്രട്ടറി എന്ന നിലയിലെ പ്രവർത്തനങ്ങളിലൂടെയാണ് നിസ്വാർത്ഥമായ സേവനത്തിൽ നിന്നുള്ള സംതൃപ്തി അനുഭവിച്ചറിഞ്ഞത്. കുറച്ചുകാലം കോളജ് അധ്യാപകനായി. ചരിത്രമാണ് അന്നുമിന്നും ഇഷ്ടവിഷയം. സോഷ്യോളജി, ഇംഗ്ലീഷ് സാഹിത്യം എന്നീ വിഷയങ്ങളും പഠിപ്പിച്ചിരുന്നു.

**എപ്പോഴെങ്കിലും അമേരിക്കൻ സ്വപ്നം താലോലിച്ചിരുന്നോ?**

എന്റെ സീനിയറായിരുന്ന ഒരു വൈദികൻ എപ്പോഴും അമേരിക്കയെക്കുറിച്ച് വാചാലനാകുമായിരുന്നു. അത് കേട്ടാകാം, അറിഞ്ഞോ അറിയാതെയോ ഈ രാജ്യത്തോടൊരു ഭ്രമം മനസ്സിൽ കടന്നുകൂടിയത്. ജനാധിപത്യരാജ്യമാണ്, പരിപൂർണ സ്വാതന്ത്ര്യമുണ്ട് എന്നീ വസ്തുതകളും എന്നെ ആകർഷിച്ച ഘടകങ്ങളാണ്. സാമ്പത്തികപരമായി മെച്ചപ്പെടണമെങ്കിൽ അമേരിക്ക പോലെ അനന്തമായ അവസരങ്ങളും സാധ്യതകളുമുള്ള രാജ്യത്തേക്ക് പറക്കണമെന്നുള്ളത് അക്കാലത്തെ ഇടത്തരക്കാരായ എല്ലാ യുവാക്കളുടെയും ആഗ്രഹമായിരുന്നു. പിതാവിന്റെ മരണത്തോടെ ലോ കോളജ് എന്ന സ്വപ്നം തകർന്നു നിന്ന അവസരത്തിൽ, ആ ചിന്ത അല്പം കൂടി ശക്തമായി. മുന്നോട്ട് നീങ്ങണമെങ്കിൽ എന്തെങ്കിലും സ്വപ്നങ്ങൾ ഉള്ളിൽ ഉണ്ടായിരിക്കണമല്ലോ!







**അമേരിക്കയിൽ എത്തപ്പെട്ട ശേഷം ജീവിതം മാറിയോ?**

അമേരിക്കയിലേക്ക് കുടിയേറിയത് 75- ലാണ്. ന്യൂയോർക്ക് സ്റ്റേറ്റിൽ ഹോസ്പിറ്റൽ ഫിനാൻസുമായി ബന്ധപ്പെട്ട് ദീർഘകാലം സേവനമനുഷ്ഠിച്ച ശേഷം, ബിസിനസ് ഓഫീസറായാണ് വിരമിച്ചത്. നാട്ടിൽ വച്ച് സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതുകൊണ്ടാകാം, അമേരിക്കയിൽ എത്തിയ ശേഷം ഇവിടുത്തെ മലയാളികൾ അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളെക്കുറിച്ചും എനിക്ക് ആശങ്ക തോന്നി. കോൺസുലേറ്റും മറ്റുമായി ഇടപെട്ട് കാര്യങ്ങൾ പരിഹരിക്കാനുള്ള ആർജ്ജവമൊക്കെ ആദ്യം മുതൽ കാണിച്ചിരുന്നത് രക്തത്തിൽ അലിഞ്ഞ സേവനതല്പരത കൊണ്ടാകാം. നാടുമാറിയാലും നമ്മൾ മാറുന്നില്ലല്ലോ. ലോങ്ങ് ഐലൻ



ഡിൽ 70 -കളിലും 80 -കളിലും അധികം മലയാളികൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ചെറിയ ഒത്തുചേരലുകൾ നടത്തിയിരുന്നതല്ലാതെ സംഘടനയുടെ ആവശ്യകത ആരും തിരിച്ചറിഞ്ഞിരുന്നില്ല. തൊണ്ണൂറുകളിലേക്ക് കടന്നതോടെയാണ്, കൂടുതൽ മലയാളികൾ ഇവിടേക്ക് എത്തുന്നതും അവരെ ഏകോപിപ്പിച്ചുകൊണ്ട് ലിംക (ലോങ്ങ് ഐലൻഡ് മലയാളി കൾച്ചറൽ അസോസിയേഷൻ) എന്നൊരു സംഘടന രൂപീകരിക്കാൻ നേതൃത്വം വഹിക്കുന്നതും. ലിംക എന്നൊരു കൂൾ ഡ്രിങ്ക് ഉണ്ടായിരുന്നതുകൊണ്ട് ആളുകളുടെ ഓർമ്മയിൽ നിൽക്കുമെന്ന മുൻവിധിയോടെ ഞാൻ തന്നെയാണ് ആ പേര് നിർദ്ദേശിച്ചത്.






അസോസിയേഷൻ എന്നുപറയുമ്പോൾ ആഘോഷങ്ങൾക്കായിരുന്നു എല്ലാവരും പ്രാധാന്യം കല്പിച്ചിരുന്നത്. അതിൽ നിന്ന് വ്യത്യസ്തമായി ഭാഷയും സംസ്കാരവും കേരളത്തിന്റെ അടിസ്ഥാന മൂല്യങ്ങളും അടുത്ത തലമുറയ്ക്കുകൂടി പകർന്നു നൽകാനുള്ള ശ്രമമായിരുന്നു എന്റെ മനസ്സിൽ. അമേരിക്കയിലെ പബ്ലിക് ലൈബ്രറിയിൽ ഒരു മുറി തരപ്പെടുത്തി, അവിടെ മലയാളം ക്ലാസ്സുകൾ സംഘടിപ്പിച്ചതാണ് തുടക്കം. മലയാളം സ്കൂൾ എന്ന ആശയമാണ് ലിംകയുടെ ലേബലിൽ നടപ്പാക്കിയത്. ഞാൻ തന്നെയായിരുന്നു അദ്ധ്യാപകൻ. അന്ന് കമ്പ്യൂട്ടറൊന്നുമില്ല. സ്ളേറ്റിൽ എഴുതിച്ച് പഠിപ്പിക്കുന്ന നാട്ടിലെ രീതിക്ക് സമാനമായി ബോർഡിൽ ഓരോ കുട്ടിയേയും കൊണ്ട് അക്ഷരവും വാക്കുകളും എഴുതിച്ചും ഉറക്കെ പറയിച്ചും അങ്ങേയറ്റം ആത്മാർത്ഥമായി തന്നെ ക്ലാസ് നടത്താൻ സാധിച്ചു. വിദ്യാർത്ഥികൾക്കൊപ്പം രക്ഷിതാക്കളും വരണമെന്ന് ആവശ്യപ്പെടുമായിരുന്നു. ആദ്യത്തെ മടിയൊക്കെ പാടേ മാറി, മലയാളം എഴുതാനും പറയാനും വായിക്കാനും ആ കുട്ടികൾ പഠിച്ചു എന്നുള്ളത് ഇപ്പോഴും ഓർക്കുമ്പോൾ സംതൃപ്തി തോന്നുന്നു.

**കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ?**

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്റർ ചെയർമാൻ, ഫോമാ നാഷണൽ പൊളിറ്റിക്കൽ ഫോറം ചെയർമാൻ, ഫോമാ നാഷണൽ കമ്മിറ്റി അംഗം, ഫോമാ നാഷണൽ അഡ്വൈസറി കൗൺസിൽ ചെയർമാൻ, ഹെറിറ്റേജ് ഇന്ത്യ ചെയർമാൻ, ഇന്ത്യൻ ക്രിസ്ത്യൻ ഫോറം പ്രസിഡന്റ്, സിഎസ്ഐ സഭയുടെ നോർത്ത് അമേരിക്കൻ കൗൺസിൽ സെക്രട്ടറി, എപ്പിസ്കോപ്പൽ സഭയുടെ ഏഷ്യ-അമേരിക്ക മിനിസ്ട്രി സെക്രട്ടറി തുടങ്ങി വിവിധ ദേശീയ പദവികളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ന്യൂയോർക്കിൽ സീഫോർഡ് സിഎസ്ഐ ഇടവകയുടെ സെക്രട്ടറി,



വൈസ് പ്രസിഡന്റ്, സീനിയർ സൺഡേ സ്കൂൾ അദ്ധ്യാപകൻ എന്നീ നിലകളിലും പ്രവർത്തിച്ചു.

മറ്റൊരു രാജ്യത്ത് കുടിയേറുമ്പോൾ നമ്മുടെ കമ്മ്യൂണിറ്റിക്ക് നിരവധി ആവശ്യങ്ങൾ ഉണ്ടായിരിക്കും. തൊഴിൽപരമായ നിലനിൽപ്പിന് വേണ്ടി അമേരിക്കൻ പൗരത്വം സ്വീകരിക്കുകയും ഇവിടെ തന്നെ താമസം തുടരുകയും ചെയ്യുന്നവർക്ക് പിന്നീട് ജന്മനാട്ടിലേക്ക് പോകാൻ വിസ വേണ്ടതായ സാഹചര്യം നിരവധി ക്ലേശങ്ങൾക്ക് ഇടയാക്കി. നാട്ടിലെ വിദേശകാര്യ വകുപ്പുമായി ഇതുസംബന്ധിച്ച ചർച്ചകൾ സജീവമായി നടത്തിക്കൊണ്ട് 'ഡ്യുവൽ സ്റ്റിസൺഷിപ്' പോലുള്ള ആവശ്യകതകൾ മുന്നോട്ടുവച്ചു. അത് നടന്നില്ലെങ്കിലും, പിഒഐ കാർഡും പിന്നീട് ഒസിഐ കാർഡുകളും ലഭിച്ചു. തുടർന്നും ഔദ്യോഗികമായ നൂലാമാലകൾ ഉടലെടുത്തപ്പോൾ ഞാൻ അതിനെതിരെയും നിലകൊണ്ടു.



മലയാളികളെ ഏകോപിപ്പിച്ച് പൗരാവകാശ ധ്വംസനങ്ങൾക്കെതിരെ ശബ്ദമുയർത്തുന്ന പ്രതിഷേധങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. പാസ്പോർട്ട് സറണ്ടർ ഫീക്കെതിരെ 2010 ൽ സംഘടിതമായി നടത്തിയ പ്രകടനം വിജയകരമായിരുന്നു.

വിവിധ കോൺസുലേറ്റുകളുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കുന്നതുകൊണ്ടുതന്നെ, ഗർഭിണികൾക്കോ രോഗികൾക്കോ അടിയന്തരമായി നാട്ടിൽ പോകുന്നതിന് ഡോക്യൂമെന്റുകൾ ശരിയാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കാറുണ്ട്. കോൺസുലേറ്റിലെ ഉദ്യോഗസ്ഥരുടെ കോണ്ടാക്ട് നമ്പർ കൈമാറാനും അവരെ പരിചയപ്പെടുത്തിക്കൊടുക്കാനും പലരും തയാറാകാറില്ല. വീണ്ടും ഒരു ആവശ്യം വന്നാൽ നേരിട്ട് ബന്ധപ്പെടുന്നതല്ലേ നല്ലതെന്ന് ചിന്തിച്ച് എന്നെ സമീപിക്കുന്നവർക്ക് അവരെ പരിചയപ്പെടുത്തിക്കൊടുക്കാൻ മടിക്കാറില്ല.

**കോവിഡ് കാലത്തെ എങ്ങനെ ഓർക്കുന്നു?**

കോവിഡ് സമയത്തായിരുന്നു ഫോമായുടെ ട്രഷറർ സ്ഥാനത്തേക്കുള്ള ഇലക്ഷൻ നടന്നത്. ആദ്യമായാണ് ഓൺലൈൻ വോട്ടിങ് നടപ്പാക്കിയത്. അതുകൊണ്ടു തന്നെ 100 ശതമാനം ഡെലിഗേറ്റുകളും വോട്ടിങ് രേഖപ്പെടുത്തിയിരുന്നു. അതൊരു റെക്കോർഡാണ്. കാനഡയിലും അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിലുമുള്ള അസോസിയേഷനുകളിലുള്ളവർക്ക് നമ്മളെയും, അവരെ നമ്മൾക്കും അറിയാൻ അവസരം ലഭിച്ചാൽ മാത്രമേ വോട്ടിങ് ശരിയായ രീതിയിൽ നടക്കൂ എന്നതായിരുന്നു പ്രധാന വെല്ലുവിളി. നേരിൽ ചെന്ന് പരിചയപ്പെടാൻ സാധിക്കാത്ത സാഹചര്യമായതുകൊണ്ട് ഓൺലൈൻ ഡിബേറ്റ് നടത്തിയി





രുന്നു. ആ ഡിബേറ്റിലൂടെ എന്റെ കഴിവ് മനസ്സിലാവുകയും മതിപ്പ് തോന്നുകയും ചെയ്തവരാണ് അവരുടെ വിലയേറിയ വോട്ട് നൽകി എന്നെ പ്രസ്തുത സ്ഥാനത്തേക്ക് തിരഞ്ഞെടുത്തത്.

പാൻഡെമിക് സമയത്ത്, അമേരിക്കയിലും കേരളത്തിലും ധാരാളം പ്രവർത്തനങ്ങൾക്ക് ഞങ്ങളുടെ കമ്മിറ്റി നേതൃത്വം നൽകി. താമസസൗകര്യം, ഭക്ഷണം എന്നിവയ്ക്കായി സഹായമഭ്യർത്ഥിച്ച് അമേരിക്കയുടെ പല ഭാഗങ്ങളിൽ നിന്നും വിളികൾ വന്നു. അതൊക്കെ പരിഹരിച്ചു. മരണാനന്തര ചടങ്ങ് നടത്തുന്നതിനും ബോഡി നാട്ടിലെത്തിക്കുന്നതിനും ഫോമായിലൂടെ ഈ അവസരത്തിൽ സഹായങ്ങൾ നൽകി.

പ്രോഗ്രാമുകൾ ഇല്ലാതെ കഷ്ടത നേരിട്ട കലാകാരന്മാർക്ക് വേണ്ടി സാന്ത്വന സംഗീതമെന്ന പരിപാടി സൂം പ്ലാറ്റ്ഫോമിലൂടെ നടത്തിയതും ജനപ്രീതി നേടി. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ജില്ലകളിലെ ആശുപത്രികളിലേക്ക് കോടിക്കണക്കിന് രൂപയുടെ വെന്റിലേറ്ററുകളും മറ്റു മെഡിക്കൽ സാമഗ്രികളും എത്തിച്ചു. ഓൺലൈൻ പഠനത്തിനായി വിദ്യാർത്ഥികൾക്ക് സ്മാർട്ട് ഫോണുകളും ടാബുകളും വിതരണം ചെയ്തു. ചുരുക്കത്തിൽ പറഞ്ഞാൽ പ്രതിസന്ധികൾക്കിടയിലും, കൃത്യമായ പ്ലാനിങ്ങുണ്ടെങ്കിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാമെന്ന തിരിച്ചറിവാണ് കോവിഡ് കാലത്ത് ഉണ്ടായത്. അസാധ്യമെന്ന് കരുതുന്ന പലതും നമ്മൾ തുനിഞ്ഞിറങ്ങിയാൽ സാധ്യമാകും. എന്താവശ്യമുണ്ടെങ്കിലും സംഘടന കൂടെക്കാണുമെന്ന വിശ്വാസവും നേടിയെടുക്കാൻ സാധിച്ചു. അതൊരിക്കലും ചെറിയ കാര്യമല്ല. ഒരു പദ്ധതിയെക്കുറിച്ച് ഫോൺ കോണിലൂടെ പറഞ്ഞാൽ പോലും 'ഞങ്ങളും കൂടെയുണ്ട്' എന്ന ധൈര്യമാണ് എല്ലായിടത്തുനിന്നും ലഭിക്കുന്നത്.



**ട്രഷറർക്ക് ഏറ്റവും അത്യാവശ്യം വേണ്ട ഗുണം എന്താണ്? വിട്ടുവീഴ്ച ഇല്ലാതെ മുന്നോട്ടു നീങ്ങാൻ ആകുമോ?**

കണക്ക് സംബന്ധമായ അറിവ് പ്രധാനമാണ്. കിട്ടുന്ന പണത്തിന്റെ സംശുദ്ധിയുടെ കാര്യത്തിൽ ഒരിക്കലും ഞാൻ വിട്ടുവീഴ്ചയ്ക്ക് നിൽക്കില്ല. രസീതും, വൗച്ചർ സംവിധാനവും, ഇൻവോയിസും ഏർപ്പെടുത്തി പ്രൊഫഷണൽ രീതിയിലാണ് കണക്കുകൾ കൈകാര്യം ചെയ്യുന്നത്. ആർക്കും എപ്പോൾ വേണമെങ്കിലും കാണാവുന്ന സുതാര്യതയും ഉറപ്പാക്കിയിട്ടുണ്ട്. കിട്ടുന്ന പണത്തിൽ സത്യമുണ്ടായിരിക്കണമെന്നത് നിർബ







സ്ഥമാണ്.  അർഹിക്കുന്നവരിലേക്ക് കൃത്യസമയത്ത് അത് എത്തുകയും വേണം. ലഭിക്കുന്ന ഫണ്ട് പരമാവധി ആളുകൾക്ക് പ്രയോജനപ്പെടുന്നതിനും അനാവശ്യമായി ഒരു പൈസ പോലും പാഴാകാതിരിക്കാനും ജാഗ്രത പുലർത്താറുണ്ട്. ആ കണിശതയുടെ പേരിൽ ആർക്കെങ്കിലും മുഷിപ്പ് തോന്നുമോ എന്ന് ചിന്തിക്കാറില്ല. അതുകൊണ്ടുതന്നെ, മുന്നിട്ടിറങ്ങുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ദൈവത്തിന്റെ അനുഗ്രഹവും കാവലും ഉണ്ടാകാറുണ്ട്. നമ്മുടെ കഴിവിനപ്പുറം അതും പ്രധാനമാണ്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഏത് ചെക്ക് കൈമാറുന്നതും പ്രാർത്ഥനയോടെയാണ്.

**മനസ്സിൽ തങ്ങിനിൽക്കുന്ന അനുഭവങ്ങൾ?**

ഒരു പിഞ്ചുകുഞ്ഞിന്റെ ജീവൻ രക്ഷിക്കുന്നതിന് വിലകൂടിയ മരുന്ന് വാങ്ങാൻ പണം എത്തിച്ചുകൊടുത്തത് മറക്കാനാവില്ല. സഹായ അഭ്യർത്ഥന ലഭിച്ച ശേഷമുള്ള ഓരോ നിമിഷവും നിർണായകമായിരുന്നു. ഒരു ദിവസം നാട്ടിലേക്ക് അയയ്ക്കാനുള്ള തുകയ്ക്ക് പരിധിയുണ്ട്. മുഴുവൻ തുകയും എത്തിക്കാൻ കഴിയാതെ എനിക്ക് ഉറക്കം പോലും നഷ്ടപ്പെട്ടു. വൈകുന്ന ഓരോ നിമിഷത്തിനും ഒരു ജീവന്റെ വിലയാണല്ലോ. പിറ്റേ ദിവസം ആ പണം അവിടെ എത്തിയ ശേഷമാണ് സമാധാനമായത്. ആ നേരം നമുക്ക് തോന്നുന്ന സംതൃപ്തി പറഞ്ഞറിയിക്കാനാകില്ല. എന്റെ അഭിപ്രായത്തിൽ അക്കൗണ്ടിൽ വെറുതെ കിടക്കുമ്പോഴല്ല, ആവശ്യക്കാരന് ഉപകരിക്കുമ്പോഴാണ് പണത്തിന് വിലയുണ്ടാകുന്നത്.

കുഞ്ഞിനൊപ്പം അമേരിക്കയിലെത്തിയ മലയാളി ദമ്പതികളുമായി ബന്ധപ്പെട്ടതാണ് മറ്റൊരനുഭവം. അവരുടെകൂടെ ഉറങ്ങിക്കിടന്ന കുട്ടി, അയൽവാസിയുടെ തോക്കിൽ നിന്നുതിർന്ന വെടിയുണ്ട തറച്ച് മരണപ്പെട്ടു. അന്യനാട്ടിൽ ആരെയും പരിചയമില്ലാതെ അങ്ങനൊരു അവസ്ഥയിൽ എന്തുചെയ്യാനാണ്? ഫോമാ ഇടപെട്ടാണ് ആ കുഞ്ഞിന്റെ മൃതദേഹം മാതാപിതാക്കൾ ആഗ്രഹിച്ചതുപോലെ നാട്ടിൽ എത്തിച്ചത്.

**പാനൽ തിരിഞ്ഞുള്ള തിരഞ്ഞെടുപ്പാണല്ലോ ഇത്തവണ നടക്കുന്നത്. വാശിയേറിയ പോരാട്ടം ഗുണകരമാകുമോ?**

മത്സരബുദ്ധി വേണ്ടെന്നാണ് എന്റെ അഭിപ്രായം. ഒരു സ്ഥാനത്തേക്ക് ഒരു വ്യക്തിയെ തിരഞ്ഞെടുക്കുന്ന പ്രക്രിയ മാത്രമാണ് ഇലക്ഷൻ. ഒരാൾ ജയിച്ചെന്നോ മറ്റൊരാൾ തോറ്റെന്നോ കാണേണ്ടതില്ല. ഫോമാ പോലെ നോൺ-പ്രോഫിറ്റ് സംഘടനയിൽ പ്രവർത്തിക്കുന്നതിന് ആരും ശമ്പളം തരുന്നില്ല, പെൻഷനും ലഭിക്കാൻ പോകുന്നില്ല. ട്രഷറർ എന്ന നിലയിൽ വിശ്രമമില്ലാതെ ജോലി എടുക്കുമ്പോൾ പലരും ചോദിക്കാറുണ്ട്, തോൽക്കുന്നതായിരുന്നു ഭേദമെന്ന് തോന്നുന്നില്ലേ എന്ന്. നിസ്വാർത്ഥ സേവനത്തിന് അത്രത്തോളം മനസ്സ് ഒരുക്കമാണെങ്കിൽ മാത്രമേ ഇത്തരം കാര്യങ്ങളിൽ ഇറങ്ങാവൂ. ആ ചിന്താഗതി ഉള്ളവരെ സംബന്ധിച്ച് ആരെയും എതിരാളിയായി കാണാൻ കഴിയില്ല. നമ്മൾ എന്താണെന്ന് വോട്ടർമാർക്ക് ബോധ്യപ്പെടുത്തി കൊടു



ക്കുക, അവർ വിധി എഴുതട്ടെ എന്ന് കരുതി മാറി നിൽക്കുക. വാശിയുടെ കാര്യമൊന്നുമില്ല. വിജയം എന്ന് കാണാതെ അവസരം എന്ന് വേണം കാണാൻ. എന്നെസംബന്ധിച്ച്, പണം സമ്പാദിക്കുന്നതല്ല പ്രധാനം. എന്റെ പ്രായക്കാർ പലരും, അക്കൗണ്ടിൽ പണമിട്ട് വിശ്രമജീവിതം നയിക്കുകയാണ്. ചുറുചുറുക്കോടെ ആരോഗ്യമുള്ള കാലത്തോളം മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുന്നതിലാണ് എന്റെ സന്തോഷം. മറ്റുള്ളവരെ സ്നേഹിക്കുന്നതാണ് ദൈവസ്നേഹമെന്നാണ് ഞാൻ പഠിച്ചിട്ടുള്ളത്. നിലയ്ക്കാതെ ഒഴുകുന്ന പുഴയാകണോ, നിശ്ചലമായി കെട്ടിക്കിടക്കുന്ന വെള്ളമാകണോ എന്ന് ചോദിച്ചാൽ പുഴ എന്നായിരിക്കും എന്റെ ഉത്തരം.


A REDIFF PUBLICATION

PERIODICAL

# India Abroad

Friday, June 4, 2010 Vol. XL No.36 | www.rediff.com (Nasdaq: REDF) | NEW YORK EDITION $1

International Weekly Newspaper | Chicago/Dallas | Los Angeles | NY/NJ/CT | New York | Toronto

Gen Next Stars



## Where is your Passport?

The community protests a new rule that requires even those who became US citizens decades ago to surrender their Indian passports

Indian Americans protest outside the Indian consulate in New York, May 25 demanding the immediate repeal of the visa rule changes


INDEX
Letters to the Editor ... A2
People ... A3
Immigration ... A24
Business ... A31
Community ... A40
Magazine ... M1
Sports ... A37
Pages: 48+12+4+64


To subscribe 1-877-INDIA-ABROAD (1-877-463-4222) www.indiaabroad.com/subscribe

**ട്രഷറർ സ്ഥാനം വരെ ഫോമയ്ക്കൊപ്പം പ്രവർത്തിച്ച അനുഭവപാടവം വച്ച് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാവുന്നതല്ലേ?**


സുഹൃത്തുക്കൾ പലരും അത് ചോദിക്കാറുണ്ട്. തുടർന്നങ്ങോട്ടും സേവനപ്രവർത്തനങ്ങളിൽ മുഴുകാനാണ് ആഗ്രഹം. അതുകൊണ്ട്, വേണമെങ്കിൽ മത്സരിക്കാവുന്നതേയുള്ളു. സമയമുണ്ടല്ലോ, തീരുമാനിക്കാം.


**ട്രഷറർ എന്ന നിലയിൽ കൺവൻഷന്റെ തിരക്കുകൾ എങ്ങനെ കൈകാര്യം ചെയ്യുന്നു?**

ഫോമായെ സംബന്ധിച്ച് 2022 ൽ നടക്കാനി രിക്കുന്ന കൺവൻഷൻ അതിപ്രധാനമാണ്. ഒരു ഇടവേളയ്ക്ക് ശേഷമാണ് ഏവർക്കും ഒത്തുചേരാനുള്ള അസുലഭ സാഹചര്യം സംജാതമാകുന്നത്. കഴിഞ്ഞുപോയ കമ്മിറ്റിക്ക് അതിനുള്ള അവസരം ലഭിച്ചിരുന്നില്ല. ക്രൂയിസ് കൺവൻഷൻ നടത്താൻ തീരുമാനിച്ചിരുന്ന ഘട്ടത്തിലാണ് കോവിഡ് പൊട്ടിപ്പുറപ്പെട്ടതും യാത്രാവിലക്കുകൾ ഏർപ്പെടുത്തിയതും. പണം അടച്ച് കാത്തിരുന്നവർക്ക് റീഫണ്ട് നൽകേണ്ട സാഹചര്യം പോലുമുണ്ടായി. ഇലക്ഷൻ കഴിഞ്ഞ് ഞങ്ങളുടെ ടീം ഭാരവാഹിത്വം ഏറ്റെടുത്തപ്പോഴും ഇത്തവണ കൺവൻഷൻ നടത്താൻ സാധിക്കുമോ എന്ന ചോദ്യം ഉയർന്നുകേട്ടിരുന്നു. പ്രയാസം നേരിടുന്നവരെ സഹായിക്കുന്നതിനായിരുന്നു അടിയന്തര പ്രാധാന്യം. മുൻപ് പറഞ്ഞതുപോലെ, അസാധ്യമെന്ന് കരുതിയ പല കാര്യങ്ങളും നിഷ്പ്രയാസം നടപ്പാക്കാൻ കഴിഞ്ഞു. അതോടെ, ആത്മവിശ്വാസം വർദ്ധിച്ചു. കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള ധൈര്യവും ലഭിച്ചു. കൺവൻഷനെക്കുറിച്ചുള്ള ചർച്ചകൾ കമ്മിറ്റിയിൽ ഉരുത്തിരിഞ്ഞുവന്നപ്പോൾ, കഴിഞ്ഞ കുറേ ക്കാലമായി യാതൊരു വിനോദവും ഇല്ലാതിരുന്ന നമ്മുടെ കുടുംബങ്ങൾക്ക് ഗംഭീരവും അവിസ്മരണീയവുമായ ഒരു വിരുന്ന് ഒരുക്കണമെന്ന് തന്നെയാണ് ആഗ്രഹിച്ചത്. അതിനായി എത്ര പരിശ്രമിക്കാനും ഒരു ഘട്ടത്തിലും മടി തോന്നിയിട്ടില്ല. മെക്സിക്കോയിലെ കാൻകൂൺ എന്ന ഡ്രീം ഡെസ്റ്റിനേഷൻ വേദിയായി തിരഞ്ഞെടുത്തതും




അതുകൊണ്ടാണ്. അഭൂതപൂർവമായ സ്വീകാര്യതയാണ് കൺവൻഷന് ലഭിച്ചുകൊണ്ടിരിക്കുന്നത്. മൂൺ പാലസ് എന്ന ലക്ഷറി റിസോർട്ടിൽ 300 മുറികൾ ബുക്ക് ചെയ്യുമ്പോൾ അത് ഫില്ലാകുമോ എന്ന് ശങ്കിച്ച ഞങ്ങൾക്ക്, കൂടുതൽ പേർ രജിസ്റ്റർ ചെയ്തതോടെ 150 റൂമുകൾ കൂടി ബുക്ക് ചെയ്യേണ്ടി വന്നു. മുൻ കാലങ്ങളിൽ നേരിൽ ചെന്നു കണ്ട് ക്ഷണിക്കുന്നതിന്റെയും കാൻവാസ് ചെയ്യുന്നതിന്റെയും അടിസ്ഥാനത്തിലാണ് ബഹുഭൂരിപക്ഷം ആളുകളും കൺവൻഷന് രജിസ്റ്റർ ചെയ്തിരുന്നത്. സമൂഹമാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും കമ്മിറ്റികളിൽ കൂടിയും കേട്ടറിഞ്ഞ് ഇത്രയധികം പേർ കൺവൻഷന് രജിസ്റ്റർ ചെയ്യുന്നത് ചരിത്രമാണ്. നോർത്ത് അമേരിക്കൻ മലയാളികൾക്ക് സംഘടനയുടെ മേലുള്ള വിശ്വാസം വർദ്ധിച്ചു എന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. നാട്ടിൽ നിന്ന് കൂടുതൽ രാഷ്ട്രീയക്കാരെ ഇവിടേക്ക് കൊണ്ടുവരുന്നതിനേക്കാൾ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വേണ്ടി പണം ചെലവഴിക്കാനാണ് ഞങ്ങൾ താൽപര്യപ്പെടുന്നത്. കേരളത്തിലെ മുഖ്യധാരാരാഷ്ട്രീയത്തിൽ നിന്ന് ഫോമായുമായി ചേർന്ന് നിൽക്കുന്നവരെയാണ് ക്ഷണിച്ചിട്ടുള്ളത്. അവരുടെ പേരുവിവരങ്ങൾ പിന്നീട് പുറത്തുവിടുന്നതായിരിക്കും.





എന്റർടെയ്ൻമെന്റിന്റെ കാര്യത്തിലാണെങ്കിലും, ഭക്ഷണവുമായി ബന്ധപ്പെട്ടാണെങ്കിലും ഏറ്റവും മികച്ചത് സമ്മാനിക്കാനും ബദ്ധശ്രദ്ധ പുലർത്തുന്നുണ്ട്. ഈ കൺവൻഷനെക്കുറിച്ചുള്ള പ്രഖ്യാപനത്തെ തുടർന്നാണ് അമേരിക്കയിൽ നിന്ന് അധികദൂരം ഇല്ലാതിരുന്നിട്ട് പോലും ആളുകൾ കാൻകൂണിനെക്കുറിച്ച് അറിയുന്നതുതന്നെ. 'ചിച്ചൻ ഇറ്റ്സ' പോലെ യുനെസ്കോ പൈതൃക പട്ടികയിൽ ഇടം നേടിയ മഹാത്ഭുതത്തെക്കുറിച്ചുപോലും മിക്കവരും കേട്ടിട്ടില്ല. സഞ്ചാരികളുടെയും ചരിത്രകുതുകികളുടെയും സ്വപ്നഭൂമികയിലേക്കാണ് കൺവൻഷന്റെ ഭാഗമായി ഓരോരുത്തരെയും ഫോമാ മാടിവിളിക്കുന്നത്. ഇതിൽ പങ്കെടുക്കുന്നവർ മനസ്സ് നിറഞ്ഞ് മാത്രമേ മടങ്ങാവൂ എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. സാഹചര്യമെല്ലാം അനുകൂലമാണ്.യാത്രാവിലക്കുകൾ നീങ്ങുകയും മഹാമാരിയോടുള്ള ഭയം കുറയുകയും ചെയ്തു. സ്പോൺസർമാരെ തേടിപ്പോകുന്ന പതിവ് രീതിക്ക് വിപരീതമായി, കേട്ടറിഞ്ഞ് സ്പോൺസർഷിപ്പ് ഏറ്റെടുക്കാൻ ആളുകൾ മുന്നോട്ടുവരുന്നതും ശുഭസൂചനയായി കാണുന്നു.

**കുടുംബം?**

ഭാര്യ സാറാമ്മ ഉമ്മന്റെ ജന്മദിനമായിരുന്നു ഓഗസ്റ്റ് 5. (തോമസ് ടി ഉമ്മന്റെ ജന്മദിനം ഞായറാഴ്ചയും ഓഗസ്റ്റ് 7)

ഞങ്ങൾക്ക് രണ്ടു മക്കളാണ്– ലീനയും ജസ്റ്റിനും. ഇരുവരും കുടുംബസമേതം അമേരിക്കയിൽ തന്നെയാണ്. മകളുടെ ഭർത്താവ് അഡ്വ. സഞ്ജയ് കുര്യൻ. ലോക്കൽ അസോസിയേഷന്റെ പ്രവർത്തനങ്ങളിൽ മകളും കുടുംബവും സജീവമാണ്. മരുമകൾ: ടാമി. ആറു ചെറുമക്കളുമായി സന്തുഷ്ടമായാണ് ജീവിതം മുന്നോട്ടുപോകുന്നത്.